# ട്രെയിനിംങ് മാനേജ്മെന്റ് സിസ്റ്റം

കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) Services എന്ന മെനുവിൽ Training Management System 2019 എന്ന സോഫ്റ്റ്‌വെയർ ലഭ്യമാണ്. ഐസിടി ട്രെയിനിംങ്, സബ്ജക്ട് ട്രെയിനിംങ് എന്നിവയിൽ അധ്യാപകർ ഏതു ബാച്ചിൽ ഏതു സെന്ററിൽ പങ്കെടുക്കും എന്നത് ഷെഡ്യൂൾ ചെയ്യുന്നത് സ്കൂൾ ലോഗിൻ വഴി എച്ച്എം ആണ്. ഐസിടി ട്രെയിനിംങിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ സ്കൂൾ ലോഗിൻ വഴി ചെയ്യാം. മറ്റ ജില്ലകളിൽ ഐസിടി ട്രെയിനിംങിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷനും സ്കൂൾ ലോഗിൻ വഴി ചെയ്യാവുന്നതാണ്. ഒരേ തിയതികളിൽ ഷെഡ്യൂൾ ചെയ്യുന്ന ട്രെയിനിംങുകളിൽ ഒരു അധ്യാപകന് ഒരെണ്ണം മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു എന്ന രൂപത്തിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. ഉദാ ഐസിടി ട്രെയിനിംങ്, സബ്ജക്ട് ട്രെയിനിംങ്. സ്കൂൾ ലോഗിനിൽ ഉൾപ്പെട്ട വരുന്ന അധ്യാപകർക്ക് സമഗ്ര സോഫ്റ്റ്‌വെയറിൽ ലോഗിൻ ചെയ്യുന്ന യൂസർനെയിം പാസ്‌വേർഡ് ഉപയോഗിച്ച് Training Management System 2019 ൽ ലോഗിൻ ചെയ്യാം. എച്ച്എസ്എസ്, വിഎച്ച്എസ്എസ് സെക്ഷനിലേക്കുള്ള യൂസർനെയിം പാസ്‌വേർഡ് കൈറ്റിന്റെ ജില്ലാ ഓഫീസിൽ ലഭ്യമാണ്.

## സോഫ്റ്റ്‌വെയർ യൂസർഗൈഡ്--- സ്കൂൾ തലം

### സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്ന വിധം

കൈറ്റിന്റെ വെബ്സൈറ്റിൽ Services, Training Management System 2019 എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്യുക താഴെ കാണുന്ന പേജ് ലഭിക്കുന്നു. ഏറ്റവും മുകളിൽ കാണുന്ന CENTRES എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ കേരളത്തിലുള്ള എല്ലാ ട്രെയിനിംങ് സെന്ററുകളുടെയും ലിസ്റ്റ് ജില്ല തിരിച്ച് കാണാം. ട്രെയിനിംങ് ക്രമീകരിച്ചിരിക്കുന്ന തിയതിയും, ട്രെയിനിംങിന്റെ പേരും ലിസ്റ്റിൽ ലഭ്യമാണ്. ARCHIVES എന്ന ബട്ടണിൽ മുൻ വർഷങ്ങളിലുള്ള Training Management System സോഫ്റ്റ്‌വെയർ ലഭ്യമാണ്. സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ ഉപയോഗിക്കുന്ന യൂസർനെയിം പാസ്‌വേർഡ് എന്നിവ നല്കുക ചിത്രത്തിൽ കാണുന്ന സംഖ്യകൾ കൂട്ടി എഴുതുക. അതിനുശേഷം login എന്ന option ൽ ക്ലിക്ക് ചെയ്ത് സോഫ്റ്റ്‌വെയറിൽ പ്രവേശിക്കാം




### ലോഗിൻ ചെയ്തശേഷം

ലോഗിൻ ചെയ്തശേഷം **ഹോം** പേജ് താഴെ കാണുന്ന രൂപത്തിൽ ദൃശ്യമാകുന്നു. ഹോം പേജിൽ താഴെ കാണുന്ന ടൈറ്റിലുകളാണുള്ളത്

- ICT Registration
- Confirm Bank Details
- Centres List
- Reports




## School Details

School Details എന്ന ടൈറ്റിലിനു താഴെയായി സമ്പൂർണ്ണ സോഫ്റ്റ്‌വെയറിലെ School Details ൽ കാണുന്ന വിവരങ്ങളാണുള്ളത്

- സ്കൂൾ കോഡ്
- സ്കൂൾ നെയിം
- സ്കൂൾ ടൈപ്പ്
- സ്കൂൾ ലെവൽ
- സ്കൂൾ കാറ്റഗറി
- ഹെഡ്മാസ്റ്ററുടെ പേര്
- സ്കൂൾ ഫോൺ
- സ്കൂൾ ഇമെയിൽ
- ജില്ലയുടെ പേര്
- വിദ്യാഭ്യാസ ജില്ല
- സബ്ജില്ല

## ICT Registration

Home പേജിലെ ICT Registration എന്ന ഓപ്ഷനിൽ ക്ളിക്ക് ചെയ്യുമ്പോൾ താഴെ കാണുന്ന പേജ് ദൃശ്യമാകുന്നു. സ്കൂളിലെ എല്ലാ അധ്യാപകരും സ്കൂൾ ലോഗിനിൽ ലിസ്റ്റ് ചെയ്യുന്നു. സ്കൂളിൽ നിലവിലില്ലാത്ത അധ്യപകരെ Remove എന്ന option ഉപയോഗിച്ച് ഒഴിവാക്കുക. ചേർക്കുന്നത് സംപൂർണ്ണ സോഫ്റ്റ്‌വെയറിലെ ഡാഷ്ബോർഡിലുള്ള Data Collection എന്ന ലിങ്ക് വഴിയാണ്..ചേർത്തതിനുശേഷം Training Management System 2019 ലെ സ്കൂൾ ലോഗിനിൽ Sync Employee data from Sampoorna എന്ന ഓപ്ഷൻ പ്രവർത്തിപ്പിച്ചാൽ മതി..



കാറ്റഗറി ഏതാണോ സെലക്ട് ചെയ്യുന്നത് അതിനനുസരിച്ച് പേജ് ദൃശ്യമാകുന്നു. രജിസ്റ്റർ ചെയ്യുന്നതിന് ഓരോ അധ്യാപകരുടേയും പേരിനു നേരെയുള്ള Edit എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. കാറ്റഗറി HSA ആണെങ്കിൽ പേജ് താഴെ കാണുന്ന പോലെ ദൃശ്യമാകുന്നു. ഐസിടി ട്രെയിനിംങ് ആണെങ്കിൽ സബ്ജക്ട് ICT എന്ന് സെലക്ട് ചെയ്യുക..update ചെയ്യേണ്ട വിവരങ്ങൾ താഴെ പറയുന്നവയാണ്.

.

- മൊബൈൽ നമ്പർ
- ഇമെയിൽ
- ബാങ്ക്
- IFSC കോഡ്
- കാറ്റഗറി
- അക്കൗണ്ട് നമ്പർ
- സബ്ജക്ട്
- ജില്ല
- ബാച്ച്
- സെന്റർ

വ്യത്യസ്ത തിയതികളിൽ ഐസിടി ട്രെയിനിംങിലും സബ്ജക്ട് ട്രെയിനിംങിലും രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിൽ സബ്ജക്ട്,ബാച്ച്, സെന്റർ എന്നിവ രണ്ടിടത്തും ചേർക്കുക..




കാറ്റഗറി LPSA/UPSA ആണെങ്കിൽ പേജ് താഴെ കാണുന്ന പോലെ ദൃശ്യമാകുന്നു.



## Confirm Bank Details

Confirm Bank Details എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ഓരോ അധ്യാപകരുടേയും താഴെ കാണുന്ന വിവരങ്ങളാണ് പേജിൽ ദൃശ്യമാകുന്നത്. ഇവ ഓരോന്നും veryfy ചെയ്ത് Confirm ചെയ്യുക..പേജിൽ ഏറ്റവും താഴെയായി കാണുന്ന Confirm Selected Bank Data എന്നത് ക്ളിക്ക് ചെയ്യാൻ മറക്കാതിരിക്കുക വിവരങ്ങൾ ഏതൊക്കെയാണെന്ന് നോക്കാം

- Name of Teacher
- Bank
- IFSC Code
- Account Number
- Confirm



## Centres List

CENTRES എന്ന ബട്ടണിൽ ക്ളിക്ക് ചെയ്താൽ കേരളത്തിലുള്ള എല്ലാ ട്രെയിനിംങ് സെന്ററുകളുടെയും ലിസ്റ്റ് ജില്ല തിരിച്ച് കാണാം. ട്രെയിനിംങ് ക്രമീകരിച്ചിരിക്കുന്ന തിയതി ലിസ്റ്റിൽ നിന്ന് ലഭ്യമാണ്.ഇതിനായി ജില്ലയും ട്രെയിനിംങിന്റെ പേരും സെലക്ട് ചെയ്യുക. അതിനുശേഷം get എന്ന ഓപ്ഷനിൽ ക്ളിക്ക് ചെയ്യുക. Export, Print, Filter എന്നീ ഓപ്ഷൻസും ലഭ്യമാണ്..







## Export

ഒരു ഫയൽ Export ചെയ്യുന്നതിന് Export എന്ന ഓപ്ഷനിൽ ക്ളിക്ക് ചെയ്യുക. വരുന്ന സ്ക്രീൻ ഇടതു കാണുന്ന പോലെ കാണുന്നു..ഇവിടെ ടാബ് എന്ന ഓപ്ഷൻ മാത്രം സെലക്ട് ചെയ്ത് ok നല്കുക...xls രൂപത്തിലാണ് file ലഭിക്കുന്നു..

## Reports

ഈ മെനുവിൽ ട്രെയിനിംഗിലേക്ക് ഷെഡ്യൂൾ ചെയ്ത അധ്യാപകരുടെ വിവരങ്ങളും പങ്കെടുത്ത അധ്യാപകരുടെ വിവരങ്ങളും ലഭ്യമാണ്. ഷെഡ്യൂൾ ചെയ്ത അധ്യാപകരുടെ ലിസ്റ്റ് ലഭിക്കുന്നതിന് Reports, Scheduled Participants എന്ന ക്രമത്തിൽ ക്ളിക്ക് ചെയ്യുക..Reports, Attended Participants എന്ന ക്രമത്തിൽ ക്ളിക്ക് ചെയ്താൽ പങ്കെടുത്ത അധ്യാപകരുടെ ലിസ്റ്റ് ലഭിക്കും.




### സോഫ്റ്റ്‌വെയർ യൂസർഗൈഡ്--- എച്ച്എസ്സ്എസ്സ്, വിഎച്ച്എസ്സ്എസ്സ്

### സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്ന വിധം

എച്ച്എസ്സ്എസ്സ്, വിഎച്ച്എസ്സ്എസ്സ് എന്നീ സെക്ഷനിലേക്കുള്ള യൂസർനെയിം പാസ്‌വേർഡ് കൈറ്റിന്റെ ജില്ലാ ഓഫീസിൽ ലഭ്യമാണ്. Training Management System 2019 എന്ന സോഫ്റ്റ്‌വെയർ തുറക്കുക താഴെ കാണുന്ന പോലുള്ള പേജ് ലഭിക്കുന്നു യൂസർനെയിം പാസ്‌വേർഡ് നല്കി ലോഗിൻ ചെയ്യുക.




### ലോഗിൻ ചെയ്തശേഷം

ലോഗിൻ ചെയ്തശേഷം **ഹോം** പേജ് താഴെ കാണുന്ന രൂപത്തിൽ .ദൃശ്യമാകുന്നു. ഹോം പേജിൽ താഴെ കാണുന്ന ടൈറ്റിലുകളാണുള്ളത്

- ICT Registration
- Account
- Confirm Bank Details
- Centres List
- Student Registration
- Reports




## School Details

School Details എന്ന ടൈറ്റിലിനു താഴെയായി താഴെ കാണുന്ന വിവരങ്ങളാണുള്ളത് ഹെഡ്മാസ്റ്ററുടെ പേര് ,സ്കൂൾ ഫോൺ , സ്കൂൾ ഇമെയിൽ, വിദ്യാഭ്യാസ ജില്ല, സബ് ജില്ല എന്നിവയിൽ തിരുത്തലുകളുണ്ടെങ്കിൽ തിരുത്താം

- സ്കൂൾ കോഡ്
- സ്കൂൾ നെയിം
- സ്കൂൾ ടൈപ്പ്
- സ്കൂൾ ലെവൽ
- സ്കൂൾ കാറ്റഗറി
- ഹെഡ്മാസ്റ്ററുടെ പേര്
- സ്കൂൾ ഫോൺ
- സ്കൂൾ ഇമെയിൽ
- ജില്ലയുടെ പേര്
- വിദ്യാഭ്യാസ ജില്ല
- സബ് ജില്ല

## Account

Account എന്ന ഓപ്ഷനിൽ ക്ളിക്ക് ചെയ്യുമ്പോൾ വരുന്ന പേജിൽ ലോഗിൻ പാസ്‌വേർഡിന്റെ വ്യത്യാസം സാധ്യമാണ്..

**HSS & VHSS Schools നുള്ള വിഷയഗ്രൂപ്പും ഗ്രൂപ്പിൽ ഉൾപ്പെടുന്ന വിഷയങ്ങളും**

| നമ്പർ | വിഷയഗ്രൂപ്പ് | ഗ്രൂപ്പിൽഉൾപ്പെടുന്ന വിഷയങ്ങൾ |
|---|---|---|
| 1 | Economics | Economics and Statistics |
| 2 | Geography | Geography and Geology |
| 3 | Social Science | Economics. Economics ഒഴികെയുള്ള എല്ലാ ഹ്യൂമാനിറ്റീസ് വിഷയങ്ങളും (History, Political Science, Sociology, Journalism, Anthropology, Psychology, Social Work etc..) |
| 4 | Malayalam | Malayalam only |
| 5 | Enligh | Enligh only |
| 6 | Other Languages | Malayalam, English ഒഴികെയുള്ള എല്ലാ ഭാഷാ വിഷയങ്ങളും |

| | | |
|---|---|---|
| 7 | Commerce | Commerce, Business Studies, and all Accounting Subjects |
| 8 | Physics | Physics Only |
| 9 | Chemistry | Chemistry Only |
| 10 | Mathematics | Mathematics Only |
| 11 | Biology | Zoology and Botany |
| 12 | CA/CS | Computer Science And Applications |

വിവരങ്ങൾക്ക് ജില്ലാ ഓഫീസുകളിൽ വിളിക്കുക. ഐസിടി ട്രെയിനിംങ് ആണെങ്കിൽ കൈറ്റിന്റെ ജില്ലാ ഓഫീസിലും SSK (Samagra Shiksha Keralam) ക്രമീകരിക്കുന്ന സബ്ജക്ട് ട്രെയിനിംങ് ആണെങ്കിൽ SSK Training Manage ചെയ്യുന്നവരുമായി ബന്ധപ്പെടുക.

**സമഗ്ര ശിക്ഷാ കേരളം (SSK) -2019-20- അവധിക്കാല പ്രൈമറി അധ്യാപക പരിശീലനം - പരിശീലന പങ്കാളികളുടെ ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച്**

- ഓരോ ബി ആർ സി യിലും എൽ പി വിഭാഗത്തിലുമുള്ള അധ്യപകർക്ക് ഓരോ ബാച്ചിലും ഒന്നാം ക്ളാസ്സിലേയും രണ്ടാം ക്ളാസ്സിലേയും മൂന്നാം ക്ളാസ്സിലേയും നാലാം ക്ലാസ്സിലേയും 12 അധ്യപകർക്ക് മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു..
- എൽപി അറബിക് അധ്യപകർ,ക്ക് എൽപി പൊതുവിഭാഗം അധ്യാപകരോടൊപ്പം പരിശീലനത്തിൽ പങ്കെടുക്കാം 12 എൽ പി അറബിക് അധ്യപകർക്ക് ഓരോ ബാച്ചിലും രജിസ്റ്റർ ചെയ്യാം (ക്ളാസ്സ് ഒന്നു മുതൽ നാലു വരെ)
- യു പി വിഭാഗത്തിൽ ഒരു ബാച്ചിൽ 40 പേർക്ക് രജിസ്റ്റർ ചെയ്യാം ഒരു ബാച്ചിൽ ഗണിതം (എട്ട്), മലയാളം (എട്ട്), ശാസ്ത്രം (എട്ട്), ഇംഗ്ളീഷ് (എട്ട്), സാമൂഹ്യശാസ്ത്രം (എട്ട്) എന്നിങ്ങനെയാണ് രജിസ്റ്റർ ചെയ്യാവുന്നത്.
- യു പി വിഭാഗം അറബിക്, ഉറുദു, ഹിന്ദി, സംസ്കൃതം, എന്നിവയുടെ 10 അധ്യപകർ വീതം വരുന്ന 40 പേരുടെ ബാച്ചുകളാണ് ഇതര ഭാഷകൾക്കായി സംഘടിപ്പിക്കുന്നത്..ഓരോ ഭാഷയ്ക്കും പ്രത്യേക ബാച്ചുകളില്ല.
- മറ്റു ജില്ലകളിൽ ട്രെയിനിംങിൽ പങ്കെടുക്കുന്നതിന് SSK Training Manage ചെയ്യുന്നവരുമായി ബന്ധപ്പെടുക.
- സ്കൂൾ ലോഗിൻ വഴി മറ്റു ജില്ലകളിൽ ട്രെയിനിംങിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ സാധ്യമല്ല.

**Teacher Empowerment Programme HS**

Teacher Empowerment Programme HS, Subjectwise ആണ് ബാച്ചുകൾ ക്രമീകരിക്കുന്നത് Capacity എത്രയാണെന്നുള്ളത് ബാച്ചുകൾ ക്രമീകരിക്കുന്ന സമയത്ത് ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്..CENTRES ലിസ്റ്റ് പരിശോധിച്ച് മനസ്സിലാക്കാം..സ്കൂൾ ലോഗിൻ വഴി മറ്റു ജില്ലകളിൽ ട്രെയിനിംങിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ സാധ്യമല്ല. മറ്റു ജില്ലകളിൽ ട്രെയിനിംങിൽ പങ്കെടുക്കുന്നതിന് SSK Training Manage ചെയ്യുന്നവരുമായി ബന്ധപ്പെടുക.